# സെഹിയോൻ

## ബുള്ളറ്റിൻ

ഏപ്രിൽ • മെയ് • ജൂൺ 2024




**സെഹിയോൻ മാർത്തോമ്മാ ഇടവക**

**ആമല്ലൂർ, തിരുവല്ല, ഫോൺ 0469 2962135**

**Rev. Thomas Mathew**, Mob: **9745153653**, www.amalloorsehionmtc.org

# ആമല്ലൂർ സെഹിയോൻ
# മാർത്തോമ്മാ ചർച്ച്

## സെഹിയോൻ ബുള്ളറ്റിൻ

ഏപ്രിൽ ▸ മെയ് ▸ ജൂൺ

2024



# വികാരിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

2024 മാർച്ച് 6-ാം തീയതി മുതൽ നമ്മുടെ ഇടവകയിൽ ആരംഭിച്ച നോമ്പ് ആരാധനകൾക്കും വചന ശുശ്രൂഷക്കും സഹായിച്ച ഏവർക്കും നന്ദി. നോമ്പ് ഒരു മടങ്ങിവരവിന്റെ ആഹ്വാനമാണ് നൽകുന്നത്. യഥാസ്ഥാനപ്പെടലിന്റെയും പുന:സമർപ്പണത്തിന്റെയും കാലം. അതിലൂടെ ഉയിർപ്പിന്റെ കാഹളം ഊതുവാൻ സഹായകരമായി തീരുന്നു. ഏപ്രിൽ മാസം പുതിയ സാമ്പത്തിക വർഷം ആരം ഭിക്കുന്നു. 2023-24 വർഷത്തെ ചുമതലക്കാർക്ക് നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ പുതിയ ചുമതലക്കാരെ സ്വാഗതവും ചെയ്യുന്നു. ശുശ്രൂഷകൾ ഏറ്റം ഭംഗിയായി നിർവ്വഹിക്കുവാൻ ദൈവം ഏവരെയും സഹായിക്കട്ടെ.

മെയ് മാസം 9-ാം തീയതി സ്വർഗ്ഗാരോഹണ പെരുന്നാൾ കൊണ്ടാടുന്നു. ഉയിർപ്പ് കഴിഞ്ഞു 40-ാം ദിവസം സ്വർഗ്ഗാരോഹണം. പുനരുദ്ധാന ശേഷം 40 ദിവസങ്ങൾ ക്രിസ്തു ഭൂമിയിൽ വിവിധ ഇടങ്ങളിൽ സഞ്ചരിച്ച് അനേകർക്ക് പ്രത്യക്ഷനായി. അതിലൂടെ താൻ ജീവിച്ചിരിക്കുന്നു എന്ന് വെളിപ്പെടുത്തി. അതിനുശേഷം ശിക്ഷ്യരെ ഒലിവ് മലയിൽ കൊണ്ടുപോയി. ഒലിവ് മലയിൽ നിന്നും സ്വർഗ്ഗാരോഹണം ചെയ്തു. (Acts. 1:12). അവൻ വീണ്ടും വരുന്നതും ഒലിവ് മലയിലാണ്. (സെഖ.14:4). ശിഷ്യന്മാരെ അനുഗ്രഹിച്ച ശേഷം ഒലിവ് മലയിൽ നിന്നും തനിക്ക് മുമ്പ് ഉണ്ടായിരുന്ന മഹത്വത്തിലേക്ക് പ്രവേശിച്ചു. സ്വർഗ്ഗാരോഹണത്തിലൂടെ 3 പ്രധാന ഗുണങ്ങൾ വിശ്വാസികൾക്ക് ലഭിച്ചു.

1. പിതാവിന്റെ സന്നിധിയിൽ ക്രിസ്തു മഹാപുരോഹിത ശുശ്രൂഷ ആരംഭിച്ചു. പഴയനിയമ കാലത്ത് മഹാപുരോഹിതൻ യാഗമൃഗത്തിന്റെ രക്തവുമായി അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് ജനത്തിനുവേണ്ടി പക്ഷവാദം ചെയ്തിരുന്നതുപോലെ യേശു തന്റെ ഏകയാഗത്താൽ സദാകാലത്തേക്കും ദൈവസന്നിധിയിൽ തന്റെ ജനത്തിനായി പക്ഷവാദം ചെയ്യുന്നു. (എബ്രാ.10:12-14).

2. സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു പാപത്തേക്കുറിച്ചും നീതിയെക്കുറിച്ചും ബോധം നൽകുന്ന പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ നമുക്കായി അയച്ചുതന്നു. (യോഹ.16 :7 ).

3. തന്റെ ജനത്തിനായി സ്ഥലം ഒരുക്കുന്നതിന് കാരണമായി. (യോഹ. 14:2-3).

സ്വർഗ്ഗാരോഹണശേഷം 10 ദിവസം കഴിഞ്ഞു പെന്തക്കൊസ്ത് പെരുന്നാൾ. മെയ് മാസം 19-ാം തീയതി ഞായറാഴ്ചയാണ് പെന്തക്കൊസ്ത് പെരുന്നാൾ.

യഹൂദ പാരമ്പര്യം അനുസരിച്ച് പെസഹ കഴിഞ്ഞുള്ള ശബ്ബത്ത് മുതൽ 7-ാമത്തെ ശബ്ബത്തിന്റെ പിറ്റേന്നാൾ 50-ാം ദിവസമായി എണ്ണി പെന്തക്കൊസ്ത് ആചരിക്കുന്നു. പെസഹ കഴിഞ്ഞുള്ള ശബ്ബത്തിൽ ആദ്യഫലക്കറ്റ സമർപ്പിച്ച് നീരാജനം ചെയ്യുന്നു. 50-ാം ദിവസം ധാന്യംകൊണ്ട് ഭോജനയാഗം കഴിക്കുന്നു. (ലേവ്യ. 23 :10)

യെഹൂദ ഉത്സവമായ പെന്തക്കൊസ്ത് ക്രൈസ്തവമായി തീർന്നത് ആദിമസഭക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചതിനോട് കൂടിയാണ്. യഹൂദരുടെ പെന്തക്കൊസ്ത് ദിനത്തിലാണ് അത് സംഭവിച്ചത്. ആദ്യഫലക്കറ്റ ചൂണ്ടിക്കാണിക്കുന്നത് ക്രിസ്തുവിന്റെ പുനരുദ്ധാനത്തെയാണ്. അതിന്റെ അൻപതാം ദിനമാണ് പെന്തക്കൊസ്ത്. രണ്ടിടങ്ങഴി മാവ് കൊണ്ടുള്ള (പുളിച്ചമാവ്) രണ്ടപ്പം അന്നേദിവസം നീരാജനയാഗം ചെയ്യുന്നു. ഈ രണ്ടപ്പം ക്രിസ്തു സഭയുടെ ഘടകങ്ങളായ യെഹൂദന്മാരെയും ജാതികളെയും ചൂണ്ടിക്കാണിക്കുന്നു. സഭ ഇത് രണ്ടും ചേർന്നതാണല്ലോ. ആദിമകാലത്ത് പെന്തക്കൊസ്ത് നാളിൽ സ്നാനപ്പെടുന്നവർ ശുഭ്രവസ്ത്രം ധരിച്ചിരുന്നു. അതുകൊണ്ട് ആ ഞായറാഴ്ചയെ ശുഭ്രഞായർ (white Sunday) എന്ന് വിളിച്ചു.

മെയ് 26 തൃത്വഞായർ (Trinity Sunday) എന്ന് അറിയപ്പെടുന്നു. യുക്തി ഉപയോഗിച്ച് തെളിയിക്കുവാൻ കഴിയുന്ന ഒന്നല്ല ത്രിത്വം. ത്രീയേക ദൈവം എന്നതിൽ മൂന്ന് അടിസ്ഥാന പ്രമേയങ്ങൾ ഉണ്ട്, (a) ദൈവം ഏകനാണ്. (b) പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണ്. (c) പിതാവും പുത്രനും പരിശുദ്ധാത്മാവും വിഭിന്ന ആളത്തങ്ങളാണ്. ദൈവം ഏകനാണ് എന്ന് പഴയ നിയമവും പുതിയ നിയമവും ഒരുപോലെ വെളിപ്പെടുത്തുന്നു. ദൈവം 'ഒരു ദൈവം ' എന്നല്ല 'സത്യ ഏകദൈവം' എന്നത്രേ വചനം വെളിപ്പെടുത്തുന്നത്. ആവ.6:4 ൽ യഹോവ ഏകൻ എന്ന് ഓർപ്പിക്കുന്നു. സൃഷ്ടിയിൽ തൃത്വം കാണാം. ദൈവവും വചനവും ആത്മാവും ഒന്നിച്ചാണ് പ്രപഞ്ച സൃഷ്ടി നടത്തുന്നത്. മനുഷ്യനെ സൃഷ്ടിച്ചപ്പോഴും 'നാം' എന്ന ബഹുവചനം ഉപയോഗിച്ചിരിക്കുന്നു. പുതിയനിയമത്തിൽ ക്രിസ്തുവിന്റെ ജഢധാരത്തിൽ ത്രിത്വം വെളിപ്പെടുന്നു. LK 1 :35 'പരിശുദ്ധാത്മാവ്' നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും. (അത്യുന്നതൻ - പിതാവാം ദൈവം). ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവ പുത്രൻ (പുത്രൻ) എന്ന് വിളിക്കപ്പെടും. ക്രിസ്തുവിന്റെ സ്നാപന സമയത്ത് തൃത്വം വെളിപ്പെടുന്നു. പുത്രൻ യോർദ്ദാനിൽ നിൽക്കുന്നു, പിതാവിന്റെ ശബ്ദം കേൾക്കുന്നു, ആത്മാവ് പ്രാവ് പോലെ ഇറങ്ങിവരുന്നു. (മത്തായി 3:16,17). ക്രിസ്തു പറയുന്നു 'ഞാനും പിതാവും ഒന്നാണ്' എന്ന്. മത്തായി 28:19 ൽ മഹാനിയോഗത്തിൽ 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും' എന്ന ത്രിത്വ ദർശനം കാണുന്നു. അപ്പോസ്തോലിക ആശീർവാദത്തിൽ തൃത്വ ഉപദേശം പ്രഖ്യാപിക്കുന്നു. (2 കൊരി. 13:14). തിരുവെഴുത്തിൽ യേശു തൃത്വ ഉപദേശത്തെ പഠിപ്പിച്ചിട്ടില്ല. എന്നാൽ വെളിപ്പെടുത്തിയിട്ടുണ്ട്. AD 325 ൽ നിഖ്യായിൽ Bishop Athanasius of Alexandria നേതൃത്വത്തിൽ കൂടി സഭയുടെ വിശ്വാസപ്രമാണം ക്രോഡീകരിക്കുവാൻ ശ്രമിച്ചു. പല കൗൺസിൽ കൂടി തൃത്വ ഉപദേശം അടങ്ങിയ 'നിഖ്യാ വിശ്വാസപ്രമാണം' ക്രോഡീകരിക്കപ്പെട്ടു.

ജൂൺ 16 മുതൽ 29 വരെ ശ്ളീഹാ നോമ്പ് കാലമാണ്. ജൂൺ 16 മുതൽ 28 വരെ 13 ദിവസം ശ്ലീഹന്മാരെ ഓർക്കുന്നതിനും ധ്യാനിക്കുന്നതിനും ഉള്ള ദിവസം. ഇതിൽ 12 അപ്പോസ്തലന്മാരും പൗലോസ് എന്ന അപ്പോസ്തലനും ഉൾപ്പെടുന്നു. 14-ാം ദിവസം, അതായത് ജൂൺ 29 നോമ്പ് വീടൽ ദിനമാണ്. അത് പത്രോസും പൗലോസും വധിക്കപ്പെട്ട ദിനമായി കൊണ്ടാടുന്നതിനാൽ അന്നേ ദിവസത്തെ പത്രോസ്/ പൗലോസ് ശ്ലീഹന്മാരുടെ നാൾ എന്നറിയപ്പെടുന്നു.

നമ്മുടെ ലോകം ഇന്ന് ഗൗരവമായ രീതിയിൽ അസ്ഥിരവും അപകടകരവുമായ കാലഘട്ടത്തിലേക്ക് നീങ്ങികൊണ്ടിരിക്കുന്നു. ഭാവിക്ക് വെല്ലുവിളി ഉയർത്തുന്ന സാമ്പത്തിക തകർച്ച, വർഗ്ഗീയത, യേശുവിന്റെ രണ്ടാം വരവിന്റെ പഠിപ്പിക്കലിനെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന സാഹചര്യം, ബൈബിളിന്റെ അടിസ്ഥാന സത്യങ്ങൾ തെറ്റായി വ്യാഖാനിക്കപ്പെടുന്നു. ക്രിസ്ത്യാനികൾ നരഭോജികളാണ് - കാരണം അവർ മാംസവും രക്തവും ഭക്ഷിക്കുന്നു എന്ന് വ്യാഖ്യാനിക്കപ്പെടുന്നു. 2 തിമൊ. 3 :1 -5 ൽ പറയും പോലെ മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും, നന്ദികെട്ടവരും, ദൈവഭയമില്ലാത്തവരും, ധാർമികത നഷ്ടപ്പെട്ടവരും ആയി മാറിയിരിക്കുന്നു. മത്തായി 24 :12 പ്രകാരം അധർമ്മം പെരുകുന്നു, സ്നേഹം തണുത്തുപോകുന്നു. ഭാവിയിൽ യുദ്ധങ്ങൾ, ക്ഷാമങ്ങൾ, ഭൂകമ്പങ്ങൾ വർദ്ധിക്കുന്നു. ഇതിന്റെ മദ്ധ്യത്തിൽ വിശ്വാസത്തിലും ക്രിസ്തുവിൽ ഉറപ്പുള്ളവരും ആയി നിലനിൽക്കാം. നമ്മുടെ കുറവുകൾ ഓർത്ത് അനുതപിക്കാം. യേശു നമ്മുടെ പാപ പരിഹാരകനായി മരിച്ച് ഉയിർത്തെഴുന്നേറ്റ് അവനിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവന്റെ ഉറപ്പ് നൽകിയിരിക്കുന്നു. യേശു വീണ്ടും വരുമ്പോൾ നിത്യ ജീവൻറെ പൂർണ്ണതയിലേക്ക് അവനോട് കൂടെ പ്രവേശിക്കാൻ നമുക്ക് ഭാഗ്യം ഉണ്ടാകേണ്ടതിനു ഉറപ്പോടെ ജീവിക്കാം.

സ്നേഹപൂർവ്വം

**ജോസിയച്ചൻ**

| **സഭാ വിശേഷദിവസങ്ങൾ** | | | |
|---|---|---|---|
| മാസം | തീയതി | ദിവസം | വിശേഷങ്ങൾ |
| ഏപ്രിൽ | 7 | ഞായർ | പുതുഞായർ |
| മെയ് | 9 | വ്യാഴം | സ്വർഗ്ഗാരോഹണ പെരുന്നാൾ |
| മെയ് | 19 | ഞായർ | പെന്തക്കോസ്ത് പെരുന്നാൾ |
| മെയ് | 26 | ഞായർ | ത്രിത്വഞായർ / ദിവ്യസംഗീത ഞായർ |
| ജൂൺ | 2 | ഞായർ | വിദ്യാലയ വർഷാരംഭം |
| ജൂൺ | 9 | ഞായർ | പരിസ്ഥിതി ഞായർ |
| ജൂൺ | 16 | ഞായർ | ശ്ലീഹാ നോമ്പ് ആരംഭം |

# ഇടവക വാർത്തകൾ

## ലഹരി വിരുദ്ധദിനം:

ലഹരി വിരുദ്ധദിനമായ ജനുവരി 14-ാം തീയതി ഞായറാഴ്ച റവ. ഡോ. ആർ. സി. തോമസ് വിശുദ്ധ കുർബ്ബാന ശുശ്രൂഷയ്ക്ക് നേതൃത്വവും ലഹരി വിരുദ്ധ ദിന സന്ദേശവും നൽകി.

## വിദ്യാർത്ഥികളുടെ കൗൺസിലിംഗ്:

പൊതു അവധിദിനമായ ജനുവരി 26 ന് കുമാരവകുപ്പ് മുതൽ മുകളിലോട്ടുള്ള സണ്ടേസ്ക്കൂൾ വിദ്യാർത്ഥികൾക്കും യുവജനസഖ്യം അംഗങ്ങളായ വിദ്യാർത്ഥികൾക്കും വേണ്ടി ഒരു കൗൺസിലിംഗ് പ്രോഗ്രാം നമ്മുടെ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ഇടവക വികാരി റവ. തോമസ് മാത്യു പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത പ്രോഗ്രാമിന് ഡോ. മിനി ജോൺ, ഡോ. ഷൈനി തോമസ് എന്നീ പരിചയ സമ്പന്നരായ അധ്യാപികമാർ നേതൃത്വം നൽകി.

## ഇടവകസംഘ യോഗം:

2024 ഫെബ്രുവരി 4 -ാം തീയതി ഞായറാഴ്ച ആരാധനാനന്തരം ഇടവക വികാരി റവ. തോമസ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ഇടവകസംഘ യോഗം കൂടി 2024 -2025 ലേക്കുള്ള താഴെ പറയുന്ന ഇടവക ചുമതലക്കാരെ ഏകകണ്ഠമായി തെരഞ്ഞെടുത്തു:

| | |
|---|---|
| വൈസ് പ്രസിഡന്റ് | : **പ്രൊഫ. സാംജി തോമസ്, മങ്ങാട്ട്** |
| ട്രസ്റ്റി (മുതൽ ചുമതല) | : **പ്രൊഫ. ഡോ. കെ. എസ്. ജോർജ്ജ്** |
| ട്രസ്റ്റി (കണക്ക് ചുമതല) | : **ശ്രീ ഏബ്രഹാം ഈശോ റെജി, ഐക്കരേത്ത്** |
| സെക്രട്ടറി | : **ശ്രീ വർഗ്ഗീസ് മാത്യു കോളറേത്ത്** |
| ആത്മായ ശുശ്രൂഷകർ | : **ശ്രീ കെ.ജി. വർഗ്ഗീസ്, കണ്ണോത്ത് &**<br>**ശ്രീ കുരുവിള വർഗ്ഗീസ്, നെല്ലിമൂട്ടിൽ** |
| ഓഡിറ്റേഴ്സ് | : **ശ്രീ ജോർജ്ജ് ഉമ്മൻ, പ്ലാപ്പറ പുത്തൻവീട്ടിൽ**<br>**ശ്രീ സാബു വർഗ്ഗീസ് കുര്യൻ, വിളക്കുപാട്ടം** |

## സിംഗപ്പൂർ ടൂർ :

ഇടവക വികാരി റവ. തോമസ് മാത്യുവിന്റെ നേതൃത്വത്തിൽ 23 പേരടങ്ങിയ ഒരു ടീം 2024 ഫെബ്രുവരി 19 ന് യാത്ര തിരിച്ച് അനുഗ്രഹീതമായ ഒരു സിംഗപ്പൂർ സന്ദർശനത്തിന് ശേഷം 24 ന് തിരികെയെത്തി. യാത്രമദ്ധ്യേ 'മാർത്തോമ്മാ സിറിയൻ ചർച്ച് ഇൻ സിംഗപ്പൂർ' എന്ന നമ്മുടെ സിംഗപ്പൂർ മാർത്തോമ്മാ ഇടവകയിലെ സന്ദർശനവും ഇടവക വികാരി റവ. ജിനോ എസ്. ഫിലിപ്പിന്റെയും ഇടവക ചുമതലക്കാരുടെയും സ്നേഹനിർഭരമായ ആതിഥേയത്വവും ഏറെ നല്ല ഒരു അനുഭവം ആയിരുന്നു.

## നോമ്പാചരണം:

പകുതിനോമ്പ് ആരംഭദിനമായ മാർച്ച് 6 മുതൽ എല്ലാ ദിവസങ്ങളിലും വൈകിട്ട് 6 മണിക്ക് തുടങ്ങിയ സന്ധ്യാ നമസ്കാര ശുശ്രൂഷകളിൽ സഹായിച്ചും, വചന ശുശ്രൂഷ നിർവഹിച്ചും, പാഠം വായിച്ചും, പ്രാർത്ഥനാ ഗ്രൂപ്പുകളുടെയും പോഷക സംഘടനകളുടെയും സഹകരണത്തോടുകൂടിയുള്ള ഇടവകജനങ്ങളുടെ പങ്കാളിത്തം ഏറെ ശ്രദ്ധേയം ആയിരുന്നു.

## നാൽപതാം വെള്ളി:

മാർച്ച് 22-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 .30 ന് വിശുദ്ധ കുർബ്ബാന ശുശ്രൂഷ നടത്തപ്പെട്ടു. ഇടവകവികാരി റവ. തോമസ് മാത്യു, റവ. കുരുവിള ഫിലിപ്പ് എന്നീ അച്ചന്മാർ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. കുർബ്ബാനാനന്തരം പ്രഭാത ഭക്ഷണവും ക്രമീകരിച്ചിരുന്നു.

## ഹോശാന ഞായറാഴ്ച:

മാർച്ച് 24-ാം തീയതി രാവിലെ 9 .30 ന് ഹോശാന ആരാധനയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നടത്തപ്പെട്ടു. ശ്രീ. ടോം മാത്യു (സെമിനാരി സ്റ്റുഡന്റ്) വചനശുശ്രൂഷ നിർവ്വഹിച്ചു.

## പെസഹ:

മാർച്ച് 28-ാം തീയതി വൈകിട്ട് 6 മണിക്ക് പെസഹ ആരാധനയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും റവ. ഡോ. കുര്യൻ തോമസ്, കുറ്റപ്പുഴയുടെ നേതൃത്വത്തലും റവ. തോമസ് മാത്യു, റവ. കുരുവിള ഫിലിപ്പ് എന്നിവരുടെ സാന്നിധ്യത്തിലും നടത്തപ്പെട്ടു. ശുശ്രൂഷാനന്തരം സേവികാസംഘാംഗങ്ങൾ INRI അപ്പവും ചായയും ക്രമീകരിച്ചിരുന്നു.

## ദുഃഖവെള്ളി:

മാർച്ച് 29-ാം തീയതി രാവിലെ 8.30 ന് ശുശ്രൂഷ ആരംഭിച്ചു. ഡോ. ജോർജ്ജ് ചെറിയാൻ, റവ. കുരുവിള ഫിലിപ്പ് എന്നിവർ വചന ശുശ്രൂഷ നിർവഹിച്ചു. രണ്ടും മൂന്നും ശുശ്രൂഷകൾക്കിടയിലെ വിശ്രമ സമയത്ത് ശീതള പാനീയവും ആരാധനയ്ക്കു ശേഷം പതിവ് പോലെ ദുഃഖ വെള്ളിയാഴ്ചത്തെ കഞ്ഞിയും ക്രമീകരിച്ചിരുന്നു.

## ഉയിർപ്പ് പെരുന്നാൾ:

മാർച്ച് 31-ാം തീയതി രാവിലെ 6.30 ന് ഉയിർപ്പു പെരുന്നാൾ ആരാധനയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നടത്തപ്പെട്ടു. ആരാധനയ്ക്കുശേഷം പ്രഭാത ഭക്ഷണവും ക്രമീകരിച്ചിരുന്നു.

## വിശുദ്ധ വിവാഹം

1. പ്ലാപ്പറ ശ്രീ വർഗ്ഗീസ് ഈപ്പന്റെയും ശ്രീമതി ആനി ഈപ്പന്റെയും മകൻ ഓസ്റ്റിൻ എബ്രഹാം ഈപ്പനും കാരക്കൽ സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് ഇടവകയിൽ വടക്കേ പുളിമൂട്ടിൽ ശ്രീ പി. സി. തോമസിന്റെയും ശ്രീമതി റേച്ചൽ

തോമസിന്റെയും മകൾ ജസ്റ്റീന തോമസും തമ്മിലുള്ള വിവാഹം 2024 ജനുവരി 8-ാം തീയതി തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ വെച്ച് നടത്തപ്പെട്ടു.

2. പടിഞ്ഞാറേക്കുറ്റ് ശ്രീ ഹണി മാത്യുവിന്റെയും ശ്രീ ശോശാമ്മ ഹണിയുടെയും മകൾ മീഖാ സൂസൻ ഹണിയും ചെങ്ങന്നൂർ തിട്ടമേൽ ട്രിനിറ്റി മാർത്തോമ്മാ ഇടവകയിൽ അയിരുകുഴിയിൽ ശ്രീ എ.ഐ.മാത്യുവിന്റെയും ശ്രീമതി സാറാമ്മ മാത്യുവിന്റെയും മകൻ തേജ ഇടിക്കുള മാത്യുവും തമ്മിലുള്ള വിവാഹം 2024 ഫെബ്രുവരി 3-ാം തീയതി തിട്ടമേൽ മാർത്തോമ്മാ ഇടവകയിൽ വെച്ച് നടത്തപ്പെട്ടു.

***കുടുംബജീവിതത്തിലേക്ക് പ്രവേശിച്ച നവദമ്പതികൾക്ക് സെഹിയോൻ കുടുംബത്തിന്റെ ആശംസകൾ.***

## വിശുദ്ധ മാമ്മോദീസ

1. പറപ്പള്ളിൽ ശ്രീ. ലിജിൻ കോശി ചാണ്ടിയുടെയും ശ്രീമതി റിന്റ ലിജിന്റെയും മകൻ എഡ്രിക് ചാണ്ടി ലിജിൻ 2023 ഡിസംബർ 18-ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ച് സ്നാപനത്തിലൂടെ വിശുദ്ധ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു.
2. പുളിമൂട്ടിൽ ശ്രീ അരുൺ ഏബ്രഹാമിന്റെയും ഡോ.അൻസു എലിസബേത്ത് അലക്സിന്റെയും മകൻ കെവിൻ അലക്സ് എബ്രഹാം 2024 ഫെബ്രുവരി 4-ാം തീയതി നമ്മുടെ പള്ളിയിൽ വെച്ച് മാമ്മോദീസ സ്വീകരിച്ച് സ്നാപനത്തിലൂടെ വിശുദ്ധ സഭയുടെ അംഗത്വത്തിലേക്കു പ്രവേശിച്ചു.

ക്രിസ്തീയ സഭയുടെ അംഗത്വത്തിലേക്ക് പ്രവേശിച്ച ഈ കുഞ്ഞുങ്ങൾ ദൈവാത്മാവിൽ വളരുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും പൈതങ്ങളെ ദൈവകൃപയിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് കഴിയട്ടെ എന്ന് ഇടവകയായി ആശംസിക്കുകയും ചെയ്യുന്നു.

## ഇടവക സന്ദർശനം

പ്രാക്ടിക്കൽ വർക്കിനായി സെമിനാരി പഠനം കഴിഞ്ഞവരായ അജീഷ് കെ. അലക്സ്, ആഷിഷ് കെ. കെ., ജോർജ് ഷാജി, എൽബിൻ ജോർജ്, ടോം മാത്യു, സൈമൺ, അലൻ തോമസ് മാത്യു എന്നിവർ മാർച്ച് 10,17,24 തീയതികളിൽ ഇടവക സന്ദർശിച്ചു.

# ഇടവക അറിയിപ്പുകൾ

## വി. ബി. എസ്

ഈ വർഷത്തെ നമ്മുടെ വെക്കേഷൻ ബൈബിൾ സ്കൂൾ ഏപ്രിൽ 1 ന് ആരംഭിക്കും.

## ദിവ്യസംഗീത ഞായർ

മെയ് 26 ദിവ്യസംഗീത ഞായർ ആയി ആചരിക്കും.

## വിദ്യാലയ വർഷാരംഭം:

ജൂൺ 2–ാം തീയതി ഞായറാഴ്ച ആരാധനാ മദ്ധ്യേ വിദ്യാലയ വർഷാരംഭ സ്തോത്രപ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്.

# സംഘടനാ വാർത്തകൾ

ഗായകസംഘം, സൺഡേസ്ക്കൂൾ, ഇടവകമിഷൻ, സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്, സേവികാസംഘം, യുവജനസഖ്യം, യംഗ് വിമെൻസ് ഫെല്ലോഷിപ്പ് എന്നീ സംഘടനകളുടെ പ്രവർത്തനം ഇടവകയിൽ ക്രമീകൃതമായി നടന്നുവരുന്നു. എല്ലാ സംഘടനകളും പ്രാർത്ഥനാ ഗ്രൂപ്പുകളും ഇടവകയുടെ ആരാധനകളിലും ഈ വർഷത്തെ നോമ്പ് സന്ധ്യാ നമസ്കാര ശുശ്രൂഷകളിലും ഹാശാ ആഴ്ച്ച ശുശ്രൂഷകളിലും ആരാധനാ സഹായ ക്രമീകരണങ്ങൾ ചെയ്ത് സഹായിച്ചു.

## സേവികാസംഘം:

ബുധനാഴ്ചകളിൽ രാവിലെ 10.30 ന് പള്ളിയിൽ വെച്ചും മാസത്തിൽ ഒരു ബുധനാഴ്ച രാവിലെ 10.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ചും മീറ്റിംഗ് നടത്തപ്പെടുന്നു. സെന്റർ മീറ്റിംഗുകളിലും ഭദ്രാസന മീറ്റിംഗുകളിലും ഇടവകയിൽ നിന്നുള്ള സേവികാസംഘാംഗങ്ങൾ സംബന്ധിക്കുന്നു. 2024 ജനുവരി 13 ന് വാരിക്കാട് സെഹിയോൻ പള്ളിയിൽ വെച്ച് നടന്ന കലാമത്സരത്തിൽ നമ്മുടെ സേവികാസംഘാംഗങ്ങൾ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

അടുത്ത മൂന്നു മാസങ്ങളിലെ കോട്ടജ് മീറ്റിംഗുകൾ:

ഏപ്രിൽ 24 – ഞാലിലേട്ട് ശ്രീമതി വത്സമ്മ തോമസിന്റെ ഭവനത്തിൽ
മെയ് 22 – നെറ്റിയാട്ടുപറമ്പിൽ ശ്രിമതി ബെൻസി ജോൺസൺന്റെ ഭവനത്തിൽ
ജൂൺ 26 – വടക്കേപ്പറമ്പിൽ (കെൻവുഡ് വില്ല ) ശ്രീമതി മേഴ്സി ബാബു തോമസിന്റെ ഭവനത്തിൽ

## സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് :

എല്ലാ മാസത്തിന്റെയും നാലാം ചൊവ്വാഴ്ച്ച വൈകിട്ട് 4.30 ന് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വെച്ച് മീറ്റിംഗ് നടത്തപ്പെടുന്നു. 18 പുതിയ അംഗങ്ങളെക്കൂടെ ചേർത്ത് 84 പേരുടെ 2024–2025 ലെ അംഗത്വ ലിസ്റ്റ് അംഗത്വ ഫീസ് വിഹിതത്തോടൊപ്പം കേന്ദ്രത്തിലും ഭദ്രാസനത്തിലും സെന്ററിലും നൽകി രജിസ്റ്റർ ചെയ്തു.

അടുത്ത മാസങ്ങളിലേക്ക് ക്രമീകരിച്ചിരിക്കുന്ന മീറ്റിംഗുകൾ:

ഏപ്രിൽ 23 – **പടുതോട് ശ്രീമതി അച്ചാമ്മ ജോണിന്റെ ഭവനത്തിൽ**
മെയ് 28 – **ആനിക്കാട് ശ്രീമതി വത്സാ സ്കറിയായുടെ ഭവനത്തിൽ**
ജൂൺ 25 – **കണ്ണോത്ത് ശ്രീ കെ.എ. വർഗ്ഗീസിന്റെ ഭവനത്തിൽ**

# ബൈബിൾ ക്വിസ് - ഹഗ്ഗായി & സെഫന്യാവ്

## ഹഗ്ഗായി

1. ഹഗ്ഗായി പ്രവാചകന്റെ കാലത്തെ യഹൂദദേശാധിപതി ആരായിരുന്നു? ആരുടെ മകനായിരുന്നു ?
2. ഈ പുസ്തകത്തിൽ ആവർത്തിച്ചു പറയുന്ന വാചകം
3. സ്വാർത്ഥത നിമിത്തം ജനം ദൈവവേലയെ മാറ്റിവെച്ചതിനെക്കുറിച്ച് ദൈവം പ്രവാചകനോടു പറഞ്ഞതെന്ത് ?
4. ആലയം പണിയാൻ വന്നവർ പണിതതെന്ത് ? ദൈവത്തിന്റെ ചോദ്യം ?
5. ദൈവവേലയെ നിഷേധിച്ച് സ്വാർത്ഥതയിൽ ജീവിച്ച ജനതയുടെ പരിണിതഫലം എന്തെല്ലാം ?
6. "ഞാനോ അത് (നമ്മുടെ നേട്ടങ്ങളെ) ഊതിക്കളഞ്ഞു". എന്തുകൊണ്ട് ?
7. കാലാവസ്ഥാ വ്യതിയാനം വഴിയായി കൈകളുടെ സകല പ്രയത്നങ്ങളിന്മേലും വറുതി വന്നത് ആര് നിമിത്തം ?
8. യോശുവയുടെ അപ്പന്റെ തൊഴിൽ എന്തായിരുന്നു ? പേരെന്ത്?
9. ഹഗ്ഗായിയുടെ പ്രവചനത്തോടുള്ള ജനത്തിന്റെ പ്രതികരണം എന്തായിരുന്നു ?
10. ഹഗ്ഗായിയുടെ പ്രവചനത്തിന്റെ അനന്തരഫലം എന്തായിരുന്നു ?
11. ആലയം പണിയിൽ ഏർപ്പെട്ട ജനത്തോട് ദൈവത്തിന്റെ അരുളപ്പാട് എന്തായിരുന്നു ?
12. ഞാൻ നിന്നെ എടുത്തു മുദ്രാ മോതിരമാക്കും. ആർ ? ആരെ ?

## സെഫന്യാവ്

13. സെഫന്യാവിന്റെ വല്യവല്യപ്പന്റെ പേര് ?
14. ഞാൻ യഹൂദയുടെ മേലും യറൂശലേം നിവാസികളുടെ മേലും കൈ നീട്ടുമ്പോൾ ഛേദിച്ചു കളയുന്നത് (നീങ്ങിപ്പോകുന്നത് ) എന്തെല്ലാം ?
15. സെഫന്യാവിന്റെ പുസ്തകത്തിലെ പ്രധാന വിഷയം ?
16. യഹോവയുടെ ദിവസം എങ്ങനെയുള്ളതാണ് ?
17. യഹോവയുടെ ദിവസത്തിൽ സമ്പത്ത് (വെള്ളിയും പൊന്നും) എങ്ങനെ പ്രയോജനപ്പെടും ?
18. യഹോവയുടെ നാളിൽ വ്യാപാരികളുടെയും ബാങ്കിന്റെയും അവസ്ഥ എന്ത് ?
19. യഹോവയുടെ ദിവസം വരുന്നതിനു മുമ്പ് എന്തു ചെയ്യേണം ?
20. യഹോവയുടെ നാളിലെ തീഷ്ണതാഗ്നിയുടെ ആത്യന്തിക ലക്ഷ്യം എന്ത് ?

**ശരിയുത്തരം ലഭിക്കേണ്ട അവസാന തീയതി 2024 മെയ് 31**

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ (സെഖര്യാവ്)

1. ചോലയിലെ കൊഴുന്തുകളുടെ ഇടയിൽ (1:8)
2. യെരൂശലേമിനും സീയോനും വേണ്ടി (1:14)
3. ഞാൻ യെരൂശലേമിനെ അളന്ന് അതിന്റെ വീതി എന്തെന്നും നീളം എന്തെന്നും നോക്കുവാൻ പോകുന്നു. (2:2)
4. യെരൂശലേം (2:4)
5. സീയോനോട് (2:7)
6. യോശുവ (3:1)
7. മുള (3:8)
8. സെരുബ്ബാബേലിനോട് (4:6)
9. സെരുബ്ബാബേലിന്റെ കയ്യിലുള്ള തൂക്കുകട്ട (4:10)
10. പാറിപ്പോകുന്ന ചുരുൾ (5:3)
11. പാറിപ്പോകുന്ന ചുരുൾ (5:4)
12. പുറപ്പെടുന്നതായുള്ള ഏഫ (5:7)
13. 4 രഥങ്ങൾ (6:1)
14. 3 / ഹെൽദായി, തോബിയാവ്, യെദായാവ് (6:10)
15. സത്യ നഗരം (8:3)
16. ഫെലിസ്ത്യരുടെ (9:6)
17. നീലനദിയുടെ (10:11)
18. ഇമ്പം, ഒരുമ (11:7)
19. ദാവീദ് ഗ്രഹം (12:8)
20. പ്രവാചകന്മാരെയും മലിനാത്മാവിനെയും (13:2)
21. വാളിനോട് (13:7)
22. യെരൂശലേമിനോട് (14:2)
23. മഴ (14:17)
24. കൂടാരപ്പെരുന്നാൾ (14:18,19)
25. കനാന്യർ (14:21)

| ആരാധനാ സഹായ ക്രമീകരണങ്ങൾ | | | |
|---|---|---|---|
| **തീയതി** | **മാസം** | **ദിവസം** | **പ്രാർത്ഥനായോഗങ്ങൾ / സംഘടനകൾ** |
| 07 | ഏപ്രിൽ | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| 14 | ഏപ്രിൽ | ഞായർ | ഇടവകമിഷൻ |
| 21 | ഏപ്രിൽ | ഞായർ | യുവജനസഖ്യം |
| 28 | ഏപ്രിൽ | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 1 |
| 05 | മെയ് | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 2 |
| 12 | മെയ് | ഞായർ | പ്രാർത്ഥനാ ഗ്രൂപ്പ് 3 |
| 19 | മെയ് | ഞായർ | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 26 | മെയ് | ഞായർ | ഗായക സംഘം |
| 02 | ജൂൺ | ഞായർ | സണ്ടേസ്കൂൾ |
| 09 | ജൂൺ | ഞായർ | സേവികാസംഘം |
| 16 | ജൂൺ | ഞായർ | യംഗ് വിമൻസ് ഫെല്ലോഷിപ്പ് |
| 23 | ജൂൺ | ഞായർ | ഇടവകമിഷൻ |
| 30 | ജൂൺ | ഞായർ | യുവജനസഖ്യം |

| ഞായറാഴ്ച്ചകളിലെ പാഠം വായനാഭാഗങ്ങൾ | | | | |
|---|---|---|---|---|
| **തീയതി** | **ഒന്നാം പാഠം** | **രണ്ടാം പാഠം** | **ലേഖനം** | **ഏവൻഗേലിയോൻ** |
| **2024 ഏപ്രിൽ** | | | | |
| 7 ഞായർ | ഉൽപ. 32:22-32 | അ.പ്ര. 9:1-18 | കൊലൊ. 3:12-17 | വി.യോഹ. 20:24-29 |
| 14 ഞായർ | ഹോശേയ 14:1-9 | എബ്രാ. 6:9-12 | ഗലാ. 6:1-5 | വി.യോഹ. 21:1-14 |
| 21 ഞായർ | യെശ. 41:8-20 | അ.പ്ര. 27:27-37 | 2 കൊരി. 4:7-15 | വി.ലൂക്കൊ. 24:13-35 |
| 28 ഞായർ | ഉൽപ. 2:18-25 | എഫെ. 5:21-33 | 1 കൊരി. 13 | വി.മത്താ. 19:1-12 |
| **2024 മെയ്** | | | | |
| 5 ഞായർ | ലേവ്യ. 19:9-16 | ഗലാ. 2:1-10 | 2 കൊരി. 8:1-9 | വി.മത്താ. 25:31-40 |
| 12 ഞായർ | യെഹ. 37:1-14 | അ.പ്ര. 1:6-11 | ഗലാ. 5:16-26 | വി.യോഹ. 14:14-21 |
| 19 ഞായർ | യോവേ. 2:28-32 | അ.പ്ര. 2:1-13 | 1 കൊരി. 12:1-11 | വി.യോഹ. 16:1-15 |
| 26 ഞായർ | പുറ. 19:17-25 | ഗലാ. 4:1-7 | 2 കൊരി. 13:11-14 | വി.മത്താ. 28:16-20 |
| **2024 ജൂൺ** | | | | |
| 2 ഞായർ | 1 രാജാ. 3:3-14 | യാക്കോ. 3:13-18 | എഫെ. 5:9-17 | വി.മത്താ. 7:21-27 |
| 9 ഞായർ | യെശ. 65:17-25 | വെളി. 21:1-8 | റോമ. 8:18-25 | വി.യോഹ. 3:16-21 |
| 16 ഞായർ | യിരെ. 1:1-12 | 2 കൊരി. 4:1-6 | അ.പ്ര. 9:10-17 | വി.മത്താ. 4:17-22 |
| 23 ഞായർ | ദാനി. 6:10-23 | 2 കൊരി. 6:1-10 | കൊലൊ. 1:24-29 | വി.ലൂക്കൊ. 9:23-27 |
| 30 ഞായർ | മലാ. 3:13-4:2 | അ.പ്ര. 1:6-11 | 1 തെസ്സ. 4:13-18 | വി.മത്താ. 24:42-51 |

## ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങൾ

| തീയതി | ഒന്നാം ഗ്രൂപ്പ് | രണ്ടാം ഗ്രൂപ്പ് | മൂന്നാം ഗ്രൂപ്പ് |
|---|---|---|---|
| 07.04.2024 | കെ.സി. നൈനാൻ<br>കോതപ്പുഴശ്ശേരിൽ | എബ്രഹാം വർഗ്ഗീസ്, കണ്ണോത്ത്<br>കാഞ്ഞിരമറ്റം | സാലി കോശി,<br>പടിഞ്ഞാറക്കുറ്റ് |
| 14.04.2024 | സൂസൻ മാത്യു<br>പറപ്പള്ളിൽ | ബാബു തോമസ്,<br>വടക്കേപ്പറമ്പിൽ | വറുഗീസ് ചാക്കോ,<br>തെക്കേമുറിയിൽ |
| | | | |
| 21.04.2024 | പ്രൊഫ. സാംജി തോമസ്<br>മങ്ങാട്ട് | വർഗ്ഗീസ് എബ്രഹാം,<br>കണ്ണോത്ത് കാക്കത്തുരുത്ത് | ജേക്കബ്<br>ഇടവപറമ്പിൽ |
| 28.04.2024 | സംയുക്ത പ്രാർത്ഥന – ഇടവക ശുശ്രൂഷകൻ, ശ്രീ ജോർജ്ജ് പി.തോമസ് | | |
| 05.05.2024 | ഈശോ മാത്യു<br>മഠത്തിലേട്ട് | സജി വർഗ്ഗീസ്,<br>കണ്ണോത്ത് കല്ലുമൂല | അന്നമ്മ ഉമ്മൻ,<br>പയ്യംപ്ലാട്ട് |
| 12.05.2024 | മറിയാമ്മ മാമ്മൻ<br>സന്തോഷ് വില്ല | ചാക്കോ എബ്രഹാം, കണ്ണോത്ത് | കുരുവിള മത്തായി.കെ,<br>മെമോറിയ ഗാർഡൻ |
| 19.05.2024 | വിജി വർഗ്ഗീസ്<br>മാങ്ങോട്ട് | തങ്കമ്മ മത്തായി,<br>കണ്ണോത്ത് – കാക്കത്തുരുത്ത് | ശോശാമ്മ മാത്യു,<br>പടിഞ്ഞാറേക്കുറ്റ് |
| 26.05.2024 | സംയുക്ത പ്രാർത്ഥന – രണ്ടാം ഗ്രൂപ്പ് | | |
| 02.06.2024 | എം. കെ. ഫിലിപ്പ്<br>മഠത്തിലേട്ട് | എബ്രഹാം ഈശോറെജി<br>ഐക്കെരേത്ത് | പ്രമോദ് ബാബു കെ<br>കുന്നിപറമ്പിൽ |
| 09.06.2024 | നിർമ്മല വർഗ്ഗീസ്<br>പറപ്പള്ളിൽ | ജോൺ വർഗ്ഗീസ്,<br>കണ്ണോത്ത് – കൊമ്പാടി | തോമസ് പി.ടി.<br>ചമ്പടപുന്നയിൽ |
| 16.06.2024 | റ്റി.എ. തോമസ്<br>തേനാലിൽ പുത്തൻവീട്ടിൽ | എൻ.ജി.മാത്യു<br>നെയ്പ്പള്ളി | പ്രൊഫ.ഡോ.കെ.എസ്.<br>ജോർജ്ജ്<br>കുഴുവിളയിൽ |
| 23.06.2024 | സംയുക്ത പ്രാർത്ഥന – മൂന്നാം ഗ്രൂപ്പ് | | |
| 30.06.2024 | ജോൺ എബ്രഹാം<br>ജിനു വില്ല | അജു വർഗ്ഗീസ്<br>നൂറോംപ്ലാക്കൽ– കൊമ്പാടി | തോമസ് പി.കെ,<br>പറപ്പള്ളിൽ |

## പ്രത്യേക ശ്രദ്ധയ്ക്ക്

1. 2024 ജൂലൈ - സെപ്റ്റംബർ സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ട പ്രാർത്ഥനായോഗങ്ങളുടെയും സംഘടനകളുടെയും വാർത്തകളും, അറിയിപ്പുകളും, ലേഖനങ്ങളും ജൂൺ 15 -ാം തീയതിക്കു മുമ്പായി ഇടവക സെക്രട്ടറിയെ ഏൽപിക്കുവാൻ പ്രാർത്ഥനാഗ്രൂപ്പുകളുടെയും പോഷകസംഘടനകളുടെയും ചുമതലക്കാർ ശ്രദ്ധിക്കുക.
2. സെഹിയോൻ ബുള്ളറ്റിൻ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ട്രസ്റ്റിയെയൊ സെക്രട്ടറിയെയൊ പ്രസ്തുത വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെഹിയോൻ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ മൂല്യമുള്ള കലാസൃഷ്ടികളും കവിതകളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് വികാരിയെയൊ, സെക്രട്ടറിയെയൊ സമീപിക്കുക. പ്രസിദ്ധീകരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അന്തിമ തീരുമാനം വികാരിയുടേതായിരിക്കും.

| ഇടവകയിലെ സാധാരണ പരിപാടികൾ | |
|---|---|
| ഞായർ രാവിലെ 7.30 | സൺഡേസ്കൂൾ |
| ഞായർ രാവിലെ 9.30 | വിശുദ്ധ കുർബ്ബാന |
| ഞായർ ശുശ്രൂഷാനന്തരം | യുവജനസഖ്യം |
| ചൊവ്വ വൈകിട്ട് 4.30 | ഇടവകമിഷൻ |
| ബുധൻ രാവിലെ 10.30 | സേവികാസംഘം |
| വെള്ളി രാവിലെ 10.30 | ഉപവാസപ്രാർത്ഥന |
| 4–ാം ചൊവ്വ വൈകിട്ട് 4.30 | സീനിയർ സിറ്റിസൺ ഫെലോഷിപ്പ് |
| 2–ാം ഞായർ വൈകിട്ട് 5.00 | യംഗ് വിമൻസ് ഫെലോഷിപ്പ് |
| ശനി വൈകിട്ട് 5.00 | ഗായകസംഘ ഗാനപരിശീലനം |



നിങ്ങളെ വിളിക്കുന്നവൻ
വിശ്വസ്തനാകുന്നു.
അവൻ അത്
നിവർത്തിക്കും

1 തെസ്സ. 5:24

RED Media | 9495 151222

For Private Circulation Only